ഉത്തരം

(എ)

2004-05 (രൂപ ലക്ഷത്തിൽ)		2005-06 (31-1-2006 വരെ) (രൂപ ലക്ഷത്തിൽ)	
പ്ലാൻ	നോൺപ്ലാൻ	പ്ലാൻ	നോൺപ്ലാൻ
16250.48	4774	13851.53	6289.78

(ബി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1-ൽ വച്ചിട്ടുണ്ട്.*

(സി) മെയിന്റനൻസ് ഗ്രാന്റിനത്തിൽ നൽകുന്ന തുക റോഡ്സ്, നോൺ റോഡ്സ് എന്നീ ഇനങ്ങളിലായി വക തിരിച്ച് നൽകുന്നുണ്ട്. മെയിന്റനൻസ് ഗ്രാന്റ് വിഭജിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങളെ സംബന്ധിച്ച കുറിപ്പ് അനുബന്ധം 2-ൽ വച്ചിട്ടുണ്ട്.*

ശ്രീ. വി. മനോജിന്റെ ആശ്രിത നിയമനം

53 (231) ശ്രീ. വി. പൊന്നാമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ ആശ്രിത നിയമനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പാലക്കാട് ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകളുടെ ഇപ്പോഴത്തെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; അപ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പാലക്കാട് ജില്ലയിൽ കൊപ്പം ഗ്രാമപഞ്ചായത്തിലെ ബിൽ കളക്ടർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. വി. ചാമിയുടെ മരണത്തെ തുടർന്ന് അദ്ദേഹത്തിന്റെ മകൻ, ശ്രീ. വി. മനോജ് സമർപ്പിച്ച അപേക്ഷ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ശ്രീ. മനോജിന് ആശ്രിത നിയമനം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് മരണമടഞ്ഞ ശ്രീ. ചാമിയുടെ ഭാര്യ ശ്രീമതി വി. ശ്രീമതി നൽകിയ അപേക്ഷ പരിഗണിച്ച് എന്നത്തേക്ക് നിയമനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ നിന്നും ലഭിച്ച ആശ്രിത നിയമനത്തിനുള്ള അപേക്ഷകളിന്മേൽ ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. നടപടി പൂർത്തിയാക്കാനാവശേഷിക്കുന്ന ഇത്തരത്തിലുള്ള 4 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.

(ബി&സി) പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയോടുകൂടി ലഭിച്ച ശ്രീ. വി. മനോജിന്റെ അപേക്ഷയിന്മേൽ പാലക്കാട് ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ഇതിൻമേൽ എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly